**തദ്ദേശസ്വയംഭരണ വകുപ്പ് പ്ലാനിംഗ്**
**ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം**
**ജില്ലാ ടൗൺപ്ലാനറുടെ നടപടിക്രമങ്ങൾ**

വിഷയം:- ജില്ലാ നഗരാസൂത്രണ കാര്യാലയം, തിരുവനന്തപുരം - തിരുവനന്തപുരം നഗരസഭ - പാങ്ങപ്പാറ വില്ലേജിൽ നിലവിലുള്ള അക്കാദമിക് ബ്ലോക്ക് & ആഡിറ്റോറിയം എന്നിവയ്ക്ക് പുറമേ Hostel Building- ൻറെ നിർമ്മാണം- കെട്ടിടങ്ങളുടെ ലേ ഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും, അംഗീകാരം നൽകി ഉത്തരവാകുന്നു.

പരാമർശം 1 തിരുവനന്തപുരം നഗരസഭയുടെ 08.02.2022-ലെ SZO/TP/7107/21 നമ്പർ കത്ത്.

2 Director, Gulathi Institute of Finance & Taxation, (gIFT) Trivandrum സമർപ്പിച്ച 16/03/2022, 18.04.2022 എന്നീ തിയതികളിലെ C-918/GIFT/2020 നമ്പർ അപേക്ഷയും ഉള്ളടക്കവും.

**ഉത്തരവ് നമ്പർ TCPTVM/255/2022-D തീയതി 27/04/2022**

തിരുവനന്തപുരം നഗരസഭയിൽ പാങ്ങപ്പാറ വില്ലേജിൽ സർവ്വേ നമ്പർ: 614/7-ൽ ഉൾപ്പെട്ട 1 ഹെക്ടർ 73 ആർ 60 സ്ക്വയർ മീറ്റർ സ്ഥലത്ത് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷന്റെ (GIFT) ഉടമസ്ഥതയിലുള്ള പ്ലോട്ടിനുള്ളിൽ നിലവിലുള്ള അക്കാദമിക് ബ്ലോക്ക് & ആഡിറ്റോറിയം എന്നിവയ്ക്ക് പുറമെ 2730.65 sq .m built up area ഉള്ളതും Basement floor, ground floor, first floor, Terrace floor എന്നി നിലകൾ ഉൾപ്പെടുന്നതുമായ Hostel Building- ൻറെ നിർമ്മാണം ഉൾപ്പെടെ ആകെ 9562.65 Sq. m Built- up area ഉള്ള കെട്ടിടങ്ങൾ ഉൾപ്പെടുന്ന പ്ലോട്ടിന് ലേ ഔട്ട് അനുമതിക്കായി The Director, Gulathi Institute of Finance & Taxation, Trivandrum സൂചന പ്രകാരം സമർപ്പിച്ച അപേക്ഷ പരിശോധിച്ചതിൻറ അടിസ്ഥാനത്തിൽ താഴെപറയുന്ന നിബന്ധനകൾക്ക് വിധേയമായി കെട്ടിടങ്ങളുടെ ലേ ഔട്ടിനും സ്ഥലത്തിന്റെ ഉപയോഗത്തിനും അംഗീകാരം നൽകി ഇതിനാൽ ഉത്തരവാകുന്നു.

**നിബന്ധനകൾ**

1. നിർമാണം കെ.എം.ബി.ആർ.2019- നും അനുബന്ധഭേദഗതികൾക്കും ബാധകമായ മറ്റു നിയമങ്ങൾക്കും വിധേയമായിരിക്കണം .

2. നിർമാണസ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച രേഖകൾ, ഉടമസ്ഥത, അതിരുകൾ, അളവുകൾ എന്നിവ സെക്രട്ടറി പരിശോധിച്ച് ശരിയാണെന്ന് ഉറപ്പുവരുത്തണം.
3. പ്രസ്തുതസ്ഥലത്തു നിർമ്മാണനിയന്ത്രണങ്ങൾ ഒന്നും ഇല്ല എന്ന് സെക്രട്ടറി ഉറപ്പുവരുത്തിയിരിയ്ക്കണം.
4. നിർമ്മാണസ്ഥലത്ത് നിലം, പുറമ്പോക്ക് എന്നിവ ഉൾപ്പെടുന്നില്ല എന്ന് സെക്രട്ടറി ഉറപ്പുവരുത്തേണ്ടതാണ്.
5. 2008 ലെ നെൽവയൽതണ്ണീർത്തടനിയമം / അനുബന്ധഭേദഗതി എന്നിവ പ്രകാരം അനുവദനീയമാണെന്ന്ഉറപ്പുവരുത്തേണ്ടതുമാണ്
6. സ്വാഭാവിക ജലനിർഗമനമാർഗ്ഗങ്ങൾ അടഞ്ഞുപോകരുത്
7. നിർദ്ദിഷ്ട ലേ – ഔട്ടിൽ ഡ്രെയിനേജിനുള്ള സൗകര്യം നല്കിയിരിയ്ക്കണം. പ്രസ്തുത ലേ ഔട്ടിൽ നിന്നുള്ള ഡ്രെയിനേജ് ( മഴവെള്ളം / മലിനജലം ) പരിസരവാസികൾക്ക് ദോഷമുണ്ടാകരുത്
8. നിർമാണം കെ.എം.ബി.ആർ. 2019 ചട്ടം 7 9 നനുസൃതമായി മാലിന്യ നിർമ്മാർജ്ജന സംവിധാനം നൽകിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പുവരുത്തണം.
9. Pollution Control Board, ഫയർ തുടങ്ങിയ ഏജൻസികളിൽ നിന്ന് ആവശ്യമായ അനുമതികൾ നേടിയിട്ടുണ്ടെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ.
10. ചട്ടം 26(8) പ്രകാരം തുറസ്സായ സ്ഥലത്തിന്റെ 50% കുറയാതെയുള്ള ഭാഗം മഴവെള്ളം മണ്ണിലേക്കിറങ്ങാൻ പാകത്തിന് ക്രമീകരിക്കേണ്ടതാണ്
11. പ്ലാനിൽ നൽകിയിട്ടുള്ളവിധം ചട്ടപ്രകാരമുള്ള പ്രായോഗികമായ പാർക്കിങ് പ്ലോട്ടിലും, നിലവിലുള്ള കെട്ടിടത്തിന്റെ ബേസ്മെന്റ് ഫ്ളോറിലും ലഭ്യമാക്കിയിട്ടുണ്ടെന്നും പാർക്കിങ്ങിനായി മാറ്റിവച്ചിട്ടുള്ള സ്ഥലം ഭാവിയിൽ മറ്റാവശ്യങ്ങൾക്കുപയോഗിക്കുന്നില്ല എന്നും സെക്രട്ടറി ഉറപ്പാക്കേണ്ടതാണ്.
12. നിർദ്ദിഷ്ട നിർമ്മാണം മൂലം പ്ലോട്ടിൽ നിലവിലുള്ള കെട്ടിടത്തിൻറെ/സമീപ പ്ലോട്ടിലുള്ള കെട്ടിടത്തിൻറെ സുരക്ഷയെ ബാധിയ്ക്കരുത്.
13. KMBR 2019 ചട്ടം 76(3) പ്രകാരം നിർദ്ദിഷ്ട യൂണിറ്റിനു ചുറ്റും അനുയോജ്യമായ മരങ്ങൾ നടേണ്ടതാണ്.
14. സൈറ്റ് പ്ലാനിൽ ലഭ്യമായിട്ടുള്ളതും പ്ലോട്ടിനുള്ളിൽ നിലവിൽ സ്ഥിതിചെയ്യുന്ന പൊളിച്ചു മാറ്റാൻ ഉദ്ദേശിക്കുന്ന കെട്ടിടങ്ങൾ നിർബന്ധമായും പൊളിച്ചു മാറ്റേണ്ടതാണ്.

15 പ്ലോട്ടിന്റെ എൻട്രൻസ് ഭാഗത്തായി സ്ഥിതി ചെയുന്ന പ്രവേശന കവാടത്തിനു ചട്ട പ്രകാരമുള്ള മിനിമം 6 മീറ്റർ വീതി ലഭ്യമാക്കിയിട്ടുണ്ടെന്നു സെക്രട്ടറി ഉറപ്പാകേണ്ടതാണ്.

ഈ ഉത്തരവ് നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിനുള്ള അനുമതി അല്ല. കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കനുസൃതമായ നിർമ്മാണ/വികസന അനുമതി അതത്

തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നും ലഭിച്ചതിനു ശേഷം മാത്രമേ നിർമ്മാണം ആരംഭിക്കുവാൻ പാടുള്ളു.

**17/2022 നമ്പരായുള്ള അംഗീകരിച്ച ലേഔട്ട് പ്ലാൻ (ഒരു സെറ്റ്) ഇതോടൊപ്പം അയയ്ക്കുന്നു.**

ANJU W.C
DEPUTY TOWN PLANNER
TOWNPLANNER (i/c)

ഉള്ളടക്കം: മേൽപ്രസ്താവിതം

സ്വീകർത്താവ്: സെക്രട്ടറി,
തിരുവനന്തപുരം നഗരസഭ

പകർപ്പ്: 1) അപേക്ഷകൻ(അറിവിലേയ്ക്കായി)
The Director,
Gulathi Institute of Finance & Taxation ,
Trivandrum
2) കരുതൽ ഫയൽ
3) ഫയൽ.